കശുവണ്ടി വ്യവസായ സംരക്ഷണത്തിനുവേണ്ടി പദ്ധതികൾ

191 (6642) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കശുവണ്ടി വ്യവസായ സംരക്ഷണത്തിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആധുനിക പായ്ക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 50 ലക്ഷം രൂപയും കശുവണ്ടി ഫാക്ടറി ഷെഡുകൾ നവീകരിക്കുന്നതിനായി 5.50 കോടി രൂപയും കശുവണ്ടി വ്യവസായ പുനരുജ്ജീവനത്തിനായി 20 കോടി രൂപയും കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2 കോടി 75 ലക്ഷം രൂപയും ഉൾപ്പെടെ 28.75 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

2012-13 സാമ്പത്തികവർഷം മോഡേണൈസേഷൻ ഓഫ് കാഷ്യൂ സെക്ടർ (ബ്രാൻഡ് ബിൽഡിംഗ് ഉൾപ്പെടെ കശുവണ്ടി വ്യവസായത്തിന്റെ ആധുനീകരണം) ഇനത്തിൽ 37.90 കോടി രൂപ കോർപ്പറേഷന് അനുവദിച്ചു നൽകിയിട്ടുള്ളതാണ്.

2013-14 സാമ്പത്തിക വർഷം കശുവണ്ടി വികസന കോർപ്പറേഷന് ഭാഗീക യന്ത്രവൽക്കരണത്തിനും ആധുനികവത്ക്കരണത്തിനുമായി 40.70 കോടി രൂപയും സി.ഡി.സി. ബ്രാൻഡ് ബിൽഡിംഗിനായി 1 കോടി രൂപയും ഉൾപ്പെടെ ആകെ 41.70 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിന് പുറമേ കശുവണ്ടി സംഭരണത്തിനായി 20 കോടി രൂപ വായ്പയായും അനുവദിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭാഗീക യന്ത്രവത്ക്കരണത്തിനും ആധുനികവത്ക്കരണത്തിനുമായി 28 കോടി രൂപയും സി.ഡി.സി.ബ്രാൻഡ് പ്രൊമോഷനായി 2 കോടി രൂപയും ഉൾപ്പെടെ ആകെ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കശുവണ്ടി രംഗത്ത് പ്രവർത്തിക്കുന്ന അപ്പെക്സ് സഹകരണ സംഘമായ കാപെക്സിന് 2011-12 സാമ്പത്തിക വർഷം അപ്ഗ്രഡേഷൻ ഓഫ് ഫെസിലിറ്റീസ് ആന്റ് മോഡേണൈസേഷൻ ഓഫ് കാഷ്യൂ ഫാക്ടറി ഇനത്തിൽ 1.75 കോടി രൂപയും മോഡേണൈസേഷൻ ഓഫ് കാഷ്യൂ ഫാക്ടറി ഇനത്തിൽ 2.00 കോടി രൂപയും റിജുവനേഷൻ ഓഫ് കാഷ്യൂ ഇൻഡസ്ട്രിക്കായി 15.00 കോടി രൂപയും ഉൾപ്പെടെ ആകെ 18.75 കോടി രൂപ അനുവദിച്ചുനൽകി.

LIBRARY ARCHIVES Kerala Legislative Assembly

2012-13 സാമ്പത്തിക വർഷം കാപെക്സിന് മോഡേണൈസേഷൻ ഓഫ് കാഷ്യൂ ഫാക്ടറി സെക്ടർ ബ്രാൻഡ് ബിൽഡിംഗ് ഉൾപ്പെടെ 23 കോടി രൂപ അനുവദിച്ചുനൽകി.

2013-14 സാമ്പത്തിക വർഷം ബ്രാൻഡ് ബിൽഡിംഗ് ആന്റ് മാർക്കറ്റ് അവേയർനസ്-ഇൻ-ഇന്ത്യ ആന്റ് ഇന്റർനാഷണൽ മാർക്കറ്റ് എന്ന പദ്ധതിക്ക് 1.00 കോടി രൂപയും മോഡേണൈസേഷൻ ആന്റ് പാർഷ്യൽ മെക്കനൈസേഷൻ ഓഫ് കാഷ്യൂ ഫാക്ടറീസ് ഓഫ് കാപെക്സിന് 24.30 കോടി രൂപ ഉൾപ്പെടെ ആകെ 25.30 കോടി രൂപ അനുവദിച്ചുനൽകി.

2014-15 സാമ്പത്തിക വർഷം കാപെക്സിന് ബ്രാൻഡ് ബിൽഡിംഗ് ആന്റ് മാർക്കറ്റ് അവേർനസിന് 2.00 കോടി രൂപയും മോഡേണൈസേഷൻ ആന്റ് പാർഷ്യൽ മെക്കനൈസേഷൻ ഓഫ് ഫാക്ടറീസിന് 18.00 കോടി രൂപയും ഉൾപ്പെടെ ആകെ 20.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ നാടൻ തോട്ടണ്ടിയുടെ ലഭ്യത കൂട്ടുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസിവഴി കശുമാവ് കൃഷി വ്യാപകമായി നടപ്പിലാക്കിവരുന്നു. ഇതിനായി 2012-13-ൽ 4.1 കോടി രൂപയും 2013-14 ൽ 4.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2014-15-ലെ ബഡ്ജറ്റിൽ 4.5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും ബഡ്ജറ്റിൽ 2011-12 മുതൽ 2013-14 വരെ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതാണ്. കശുമാവ് കൃഷി വികസന ഏജൻസിക്ക് നൽകിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

മാവൂർ ഗ്വാളിയോർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി

192 (6643) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് കോംപ്രസ്റ്റ് ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ മാതൃകയിൽ മാവൂർ ഗ്വാളിയോർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആലോചിക്കുമോ ?

<u>ഉത്തരം</u>

ഇക്കാര്യം പരിഗണനയിലില്ല. മാവൂർ ഗ്വാളിയോർ റയോൺസിന് വ്യാവസായിക ആവശ്യത്തിനായി ഏറ്റെടുത്തുനൽകിയതിൽ 187.13 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും നേടിയ സ്റ്റേ ഓർഡർ നീക്കിക്കിട്ടുന്നതിന് നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly